


# Talk in which spirit ?

## ( Ichabod or Immanuel)-

## സംസാരം ഏതാത്മാവിൽ

സുബോധം നഷ്ടപ്പെട്ടവരെപ്പോലെ വ്യക്തികൾക്കും, പലപ്രവത്തനങ്ങൾക്കും പേരിടുന്നവരാണ് .അർത്ഥം മനസ്സിലാക്കാതെയാണ് പേരിടീൽ നടത്തുന്നത് എന്ന് പത്രങ്ങളിലെ പരസ്യപേജുകൾ നോക്കിയാൽ മനസ്സിലാകുന്നതാണ്. അർത്ഥവത്തായ പേരുകൾ ദൈവം തന്റെ ഭക്തർക്ക് നൽകിയ ചരിത്രം വേദപുസ്തകത്തിലുടനീളം കാണാം.

അബ്രാം -- അബ്രഹാം

യാക്കോബ് --യിസ്രായേൽ

ശൗൽ --പൗലോസ്

ഒരു പേരുകേട്ടാൽ സുഗന്ധതൈലം തുറന്ന അനുഭവമാകണം. പേരിന്റെ അർത്ഥം പോലെ ജീവിതം വരേണമെങ്കിൽ പേരിടുമ്പോഴുള്ള ചിന്തവിവേക പൂർണ്ണമാകേണം.

"അവൾ കുഞ്ഞിന് ഈഖാബോദ് എന്ന് പേരിട്ടു" ഏലിപുരോഹിതന്റെ മകനായ ഫീനെഹാസിന്റെ ഭാര്യയാണ് താൻ പ്രസവിച്ച മകന് ആ പേർ ഇട്ടത്. അതിന്റെ കാരണവും പ്രസവസമയത്ത് തന്റെ അടുക്കൽ നിന്ന സ്ത്രീകളോട് അവൾ അറിയിക്കുന്നു.

Read (1ശമൂ:4:17,18)

അമ്മാവിയപ്പന്റെയും തന്റെ ഭർത്താവായ ഫീനഹാസിന്റെയും സഹോദരനായ ഹൊഫ്നിയുടെയും വേർപാട്, കൂടാതെ ദൈവത്തിന്റെ പെട്ടകം പിടിപെട്ടുപോകകൊണ്ടും മഹത്വം യിസ്രായേലിന് നഷ്ടമായിപ്പോകും എന്ന ഭീതിദായകമായ ചിന്ത ("the glory has departed from Israel") മൂലമാണ് ഈഖാബോദ് എന്ന് പേർ ഇടുന്നതിനും, അവളുടെ മരണം നടക്കുന്നതിനും ഇടയായത്.അതായത് അനർത്ഥം സംഭവിച്ചേക്കും എന്ന ഭയം, ആകുലചിന്തകൾ ഇവയ്ക്കാണ് Ichabod Spirit- (ഈഖാബോദിന്റെ ആത്മാവ്) എന്നു പറ

യുന്നത്. ഈ ആത്മാവുള്ളവർക്ക് സ്വപ്നങ്ങളില്ല, എന്നും എപ്പോഴും ആകുലചിന്തയും നിരാശയും മാത്രം."Never allow your present to name your future"

എന്നാൽ യേശുക്രിസ്തുവിന്റെ ജനനസമയത്തെപ്പറ്റി ചിന്തിച്ചാൽ മറ്റൊരാശയം മനസ്സിലാക്കാം.യോസഫ് എന്ന പുരുഷന് വിവാഹം നിശ്ചയിച്ച മറിയ എന്ന സ്ത്രീയെ ദൂതൻസന്ദർശിച്ച് അവൾക്ക് ഒരു പുത്രൻ ജനിക്കുമെന്നും, അവന് 'യേശു'എന്ന് പേരിടേണമെന്നും അറിയിച്ചു. (ലൂക്കോ:1:27,31)അവനെ വിളിക്കപ്പെടുന്ന പേർ ഏതെല്ലാം എന്നും വ്യക്തമാക്കുന്നു.

(1) അത്യുന്നതന്റെ പുത്രൻ - (ലൂക്കോ:1:32)

(2) ദൈവത്തിന്റെ പുത്രൻ - (ലൂക്കോ:1:35)

(3) ഇമ്മാനുവേൽ - (മത്താ:1:22)

**[Immanuel means -God withus(ദൈവം നമ്മോടുകൂടെ)]**




മറിയയുടെ ഉള്ളിൽ പൊന്തിയ ഒരു ന്യായമായ സംശയം അവൾ ദൂതനോട് ചോദിക്കുകയും ദൂതൻ മറുപടി നൽകുകയും ചെയ്തു. അതായത് (ലൂക്കോ 1:34) ഞാൻ പുരുഷനെ അറിയായ്കയാൽ ഇതെങ്ങനെ സംഭവക്കും? ദൈവത്തിന് ഒരു കാര്യവും അസാദ്ധ്യമല്ലല്ലോ എന്ന ദൂതന്റെ വാക്കുകളിൽ അവൾ ഇതാ ഞാൻ കർത്താവിന്റെ ദാസി എന്ന് സമർപ്പണം നടത്തുന്നു. (ലൂക്കോ:1:37,38)

ഈ ധൈര്യത്തിന്റെ ആത്മാവിനെ - Immanuel Spirit എന്നു പറയുന്നു.ദൈവം കൂടെയുണ്ട് എന്ന ധൈര്യമാണ് ഈ ചിന്തയ്ക്ക് അടിസ്ഥാനം.

എന്നാൽ യോസഫിന് വാർത്ത കേട്ടപ്പോൾ തോന്നിയത് വരാൻപോകുന്ന അപവാദത്തെക്കുറിച്ചുള്ള ആകുലചിന്തയാണ്..ഇതാണ് ഈഖാബോദിന്റെ ആത്മാവ്. (മത്താ:1:18:19) മുന്നമേ അവന്റെ ചിന്താകുലം അറിഞ്ഞ ദൈവം തന്റെ ദൂതനാൽ അവനെ ശക്തിപ്പെടുത്തുമ്പോൾഅവൻ ഇമ്മാനുവേലിന്റെ ആത്മാവിലാകുന്നു- (മത്താ:1:24,25)

(നിരാശയിൽ നിന്ന് മറ്റുള്ളവരെ പ്രത്യാശയിലേക്ക് കൊണ്ടുവരുവാൻ നമുക്ക് കഴിയാറുണ്ടോ?

ദൈവത്തിന്റെ പുരോഹിതനായി ശുശ്രൂഷ ചെയ്യുന്ന ഒരു വ്യക്തിയുടെ ഉള്ളിൽ ഒരിക്കലും സംശയം കടന്നുകൂടുവാൻ പാടില്ല. എന്നാൽ സെഖര്യ്യാവ് താൻ ധൂപം കാട്ടുമ്പോൾ ദർശനം തന്ന ദൂതൻ അറിയിച്ച സദ്വാർത്ത അവിശ്വസിച്ചു.സെഖര്യ്യാവിന്റെ പ്രാർത്ഥനയുടെ മറുപടി നൽകിയ ദൂതൻ "ഞാൻ ദൈവസന്നിധിയിൽ നില്ക്കുന്ന ഗബ്രീയേൽ ആകുന്നു, നിന്നോട് --------- സദ്വർത്തമാനം അറിയിപ്പാൻ എന്നെ അയച്ചിരിക്കുന്നു." എന്ന അറിയിപ്പ് ലഭിച്ചിട്ടും (ലൂക്കോ1:8-23) അവിശ്വസിച്ചതിനാൽ സംഭവിക്കും വരെ മൗനമായിരിക്കുകയും , സ്വർഗ്ഗീയ നിർദ്ദേശമനുസരിച്ച് പേർ എഴുതികാണിച്ചപ്പോൾ നാവിന്റെ കെട്ടഴിയുകയും ചെയ്തു.

[നാമും പലപ്പോഴും , ദൈവീകശക്തിയെ , വാഗ്ദത്തങ്ങളെ മറന്നവരല്ലേ. ദൈവത്തിന് സകലവും സാദ്ധ്യമെന്ന് നാം അറിയുന്നു. എന്നാലത് സ്വന്ത ജീവിതത്തിൽ നടക്കുമെന്ന് വിശ്വസിക്കാതെ സെവര്യ്യാവിനെപ്പോലെ നാമും ഈഖാബോദിന്റെ ആത്മാവിലാകാറുണ്ടോ? ദൈവം കൂടെയുണ്ടെന്ന് ഉറച്ചു വിശ്വസിച്ച് ബന്ധനങ്ങളും കെട്ടുകളും അഴിച്ചുകളയുക.]

എന്നാൽ എലിസബേത്ത് തന്റെ നിന്ദമാറ്റിയ ദൈവത്തെ സ്തുതിച്ചു. ഈ ധൈര്യം ഉറച്ച വിശ്വാസമുള്ളവർക്ക് ലഭ്യമാണ്. (ലൂക്കോ:1:24,25)

മറ്റൊരു ഉദാഹരണത്തിനായി ഗന്നസരേത്ത് തടാകത്തിന്റെ കരയിലേക്കൊന്ന് പോകാം. (ലൂക്കോ:5:1-11).രാത്രി മുഴുവൻ അധ്വാനിച്ചിട്ടും ഒന്നും കിട്ടാതെ വല കഴുകി മടങ്ങിപ്പോകുവാൻ ആഗ്രഹിച്ചവരിൽ നിന്ന് ശീമോന്റെ പടക് ആവശ്യപ്പെട്ട യേശു കരയിൽ നിന്ന് പടക് അല്പം നീക്കേണമെന്ന് ആവശ്യപ്പെടുന്നു. ഈഖബോദിന്റെ ആത്മാവാൽ പടക് കരയ്ക്കടുപ്പിച്ചവൻ യേശുവിന്റെ വാക്ക് അനുസരിച്ചു.പടകിൽ ഇരുന്ന് കരയ്ക്കുള്ള ജനത്തെ ഉപദേശിച്ച വാക്കുകൾ ശീമോന്റെ ഉള്ളിൽ മാത്രമല്ല ശീമോന്റേയും കൂട്ടരുടേയും വലകൾ കണ്ട് ഒളിച്ച മത്സ്യങ്ങളിലും മാറ്റം വരുത്തി. ഈഖാബോദ് ആത്മാവിൽ സംസാരിച്ചവൻ ഇപ്പോൾ നിന്റെ വാക്കിന് വലയിറക്കാം എന്ന സ്ഥിതിയിലായി.ദൈവം നമ്മോടുകൂടെ എന്ന് ഉറച്ച് വിശ്വസിപ്പാൻ തക്കവണ്ണം പെരുത്തമീൻകൂട്ടം കണ്ട് അവൻ ഭ്രമിച്ചുപോയി. അനുസരിക്കുന്നവർക്കു മാത്രമേ നന്മ ലഭിക്കുകയുള്ളൂ. ഏലിപുരോഹിതനോട് പല ആവർത്തി മക്കളെ തിരുത്തുവാനും ഇല്ലെങ്കിൽ വരുവാൻ പോകുന്ന ശിക്ഷയും ദൈവം മുന്നമേ അറിയിച്ചതാണ്. അനുസരിക്കാത്തതിനാൽ ശിക്ഷയും ലഭിച്ചു. (1 ശമു: 3:29,32,33)

"Forget the former things , do not dwell on the past. See I am doing a new thing"(Isaiah 43:18,19).N.I.V.B

ഇപ്രകാരം ജീവിത്തിൽ പഴയ കഷ്ടതകളെ മറന്ന് ദൈവത്തിലാശ്രയിച്ച് ,പ്രാർത്ഥിച്ച് തന്റെ സഹോദരൻമാരെക്കാൾ ഏറ്റവും മാന്യനായിത്തീർന്ന പുരുഷനാണ് യബ്ബേസ്.(1ദിന 4:9,10) തന്റെ സ്വപ്നങ്ങളും ആഗ്രഹങ്ങളും തകർത്ത് തന്റെ മകനെ അവന്റെ അമ്മ പേരിട്ടത് യബ്ബേസ് (വ്യസനപുത്രൻ). അതായത് നമുക്ക് ദു:ഖം പ്രദാനം ചെയ്യുന്നതെല്ലാം യബ്ബേസുകളാണ്.

(നിങ്ങളുടെ ജീവിതത്തിൽ കെട്ടിപ്പടുത്ത സ്വപ്നങ്ങൾ വല്ലതും തകർന്ന് യബ്ബേസായി മാറിയോ? എങ്കിൽ ഭാരപ്പെടേണ്ട, നമുക്ക് ജയം പ്രാപിക്കാൻ കഴിയും)

തനിക്ക് ദുർവിധി പ്രദാനം ചെയ്ത മകനെ നോക്കി വ്യസനപുത്രൻ എന്ന് ഒരു അമ്മ പരിഹസിച്ചാൽ നാം ചിന്തിക്കുന്നതിലും അപ്പുറമായിരിക്കും സഹോദരങ്ങളുടെയും മറ്റുള്ളവരുടെയും നിന്ദ. തളർന്നുപോകാതെ ഈ പ്രശ്നത്തെ അധിജീവിപ്പാൻ അവൻ തീരുമാനിച്ചു.അനുഗ്രഹിപ്പാൻ കഴിവുള്ളവനെ അവൻ കണ്ടെത്തി, അവൻ ചോദിച്ചു പിടിച്ചുവാങ്ങി കാരണം ഇത് ദൈവത്തിന്റെ ദാനമാണ്. എനിക്കുവേണ്ടി ദൈവം പ്രവർത്തിക്കുമെന്ന് വിശ്വസിച്ച് നാല് കാര്യങ്ങൾ ചോദിച്ചു.(1)നീ എന്നെ നിശ്ചയമായും അനുഗ്രഹിക്കണം . (2) എന്റെ അതിർ വിസ്താരമാക്കണം (3) നിന്റെ കൈ എന്നോടുകൂടെ ഇരിക്കണം. (4) അനർത്ഥം എനിക്ക് വ്യസനകാരണമാകാതെ എന്നെ കാക്കണം. വിശ്വാസത്തോട് അപേക്ഷിച്ചവന്റെ പ്രാർത്ഥന കേട്ട ദൈവം അപേക്ഷിച്ചതിനെ അവന് നൽകി അവനെ ഏറ്റവും മാന്യനാക്കി. “ദൈവം എന്റെ കൂടെ ഉണ്ടെന്ന് അവൻ കണ്ടെത്തി, വിശ്വസിച്ചു, സന്തോഷിച്ചു.

How can you maintain a spirit of Immanuel ? when you face difficult situations invite Immanuel in your life . Yes! God is with us,

God is for us,

God is always on our side.

മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നമ്മളിൽ വാഴട്ടെ.

**So “Immanuel spirit is mightier than Ichabod Spirit”**

## Praise the Lord